മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 17

# വാർത്താക്കുറിപ്പ്

---

## ജോബ് ഫെയർ ഇന്ന് (മെയ് 18)

മഹാത്മാഗാന്ധി സർവ്വകലാശാല - സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുള്ള മെഗാ ജോബ് ഫെയർ - 2022 ഇന്ന് (മെയ് -18) രാവിലെ 10 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും. സോഷ്യൽ വർക്ക്, സൈക്കോളജി, സ്പീച് തെറാപ്പി, ഫിസിയോതെറാപ്പി, നഴ്സിംഗ്, സ്പെഷ്യൽ എഡ്യൂക്കേഷൻ മാനേജ്മെന്റ് എന്നീ മേഖലകളിലെ തൊഴിൽ അന്വേഷകർക്ക് പ്രാമുഖ്യം നൽകിയാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്.. രജിസ്ട്രേഷൻ നടപടികൾക്കും വിശദവിവരങ്ങൾക്കും 9895474642 എന്ന നമ്പറിൽ ബന്ധപ്പെടണം.

(പി.ആർ.ഒ./39/604/2022)

## നൈപുണ്യ വികസനത്തിന് ഊന്നൽ നൽകണം - ജോസ് കെ.മാണി എം.പി

പുതുതലമുറയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുന്നതിനൊപ്പം നൈപുണ്യ വികസനത്തിനു വേണ്ട പ്രത്യേക പരിശീലനങ്ങളും നൽകേണ്ടത് കാലഘട്ടത്തിൻറെ ആവശ്യമാണെന്ന് ജോസ്.കെ. മാണി എം.പി. അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാല - സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നൈപുണ്യ വികസന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളം നേരിടുന്ന അഭ്യസ്തവിദ്യരുടെ ഇടയിൽ നിലനിൽക്കുന്ന ഉയർന്ന നിരക്കിലുള്ള തൊഴിലില്ലായ്മ പൊലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇത്തരം കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ അനിവാര്യമാണ്. പുത്തൻ സാങ്കേതിക വിദ്യകൾ ജീവിതത്തിൻറെ വിവിധ തുറകളിൽ കൊണ്ടു വരുന്ന

മാറ്റങ്ങൾ ഉൾക്കൊള്ളാൻ മനുഷ്യരെ പ്രാപ്തമാക്കുന്നതിനും പ്രത്യേക തരത്തിലുള്ള വൈദഗ്ധ്യ പരിശീലന പരിപാടികൾ ആവശ്യമായി വന്നിരിക്കുകയാണ്. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ രചനാത്മകവും തൊഴിൽ പരവുമായ കഴിവുകളെ വളർത്തിയെടുക്കുന്നതിന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് നടത്തുന്ന പരിശ്രമങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. പുതുതായി ആരംഭിച്ച ഫിനിഷിംഗ് സ്കൂളിൻറെ ഉദ്ഘാടനം സിൻഡിക്കേറ്റംഗം പ്രൊഫ. പി. എസ്. സുകുമാരൻ നിർവ്വഹിച്ചു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൻറെ മേധാവി പ്രൊഫ. പി.റ്റി. ബാബുരാജ് അധ്യക്ഷത വഹിച്ചു. ഡോ. അനീഷ് സോമരാജ്, ഡോ. ബ്രിജേഷ് ജോർജ് ജോൺ, ഇ. രാജേഷ്, ഡോ. സിനു തോമസ് എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന വിവിധ സെഷനുകിൽ വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധർ ക്ലാസ്സുകളെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ:** മഹാത്മാഗാന്ധി സർവ്വകലാശാല - സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നൈപുണ്യ വികസന പരിപാടി ജോസ് കെ മാണി എം.പി. ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/605/2022)

പി. സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ